(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) നടപടി ഉണ്ടായിട്ടില്ല എങ്കിൽ കാരണം വെളിപ്പെടുത്തുമോ; ഈ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്;

(ഡി) പ്രതികളെ അറസ്റ്റു ചെയ്തുവോ; ഇല്ലെങ്കിൽ പ്രതികളെ എന്നത്തേയ്ക്ക് അറസ്റ്റുചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു;

(ഇ) പ്രതികളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതിനോടനുബന്ധിച്ച് പൊതുമുതൽ നശിപ്പിച്ചതിനും, ഉദ്യോഗസ്ഥൻമാരെ ആക്രമിച്ചതിനും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) പ്രതികളെ കണ്ടെത്തി അറസ്റ്റു ചെയ്യാൻ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(ഇ) മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം 646/99/യു/എസ്. 143, 147, 448, 353, 332 ആർ/ഡബ്ല്യു. 149 ഐ.പി.സി. ആന്റ് പി.ഡി.പി.പി. ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നിർമ്മലഗിരി കോളേജിലെ അക്രമ സംഭവങ്ങൾ

(40) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ 1999 നവംബർ രണ്ടാം തീയതി ചൊവ്വാഴ്ച രാത്രി കമ്പിപ്പാരയ്ക്ക് കുത്തിത്തകർക്കുകയുണ്ടായോ;

(ബി) ഈ സംഭവം നടക്കുമ്പോൾ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ഫോൺ ചെയ്തറിയിച്ചിരുന്നുവോ; എങ്കിൽ പോലീസ് വരാതിരുന്നത് എന്തുകൊണ്ട്;

(സി) കോളേജിലെ പ്രിൻസിപ്പാളിനെ എസ്.എഫ്.ഐ.ക്കാർ പരിക്കേൽപ്പിക്കുകയും കോളേജിന്റെ വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാക്കുകയും ചെയ്തതിനെത്തുടർന്ന് പ്രസ്തുത കോളേജിന് ആവശ്യമായ കാവലും പരിരക്ഷയും നൽകാതിരുന്നതെന്തുകൊണ്ടാണ്;

(ഡി) മതിലിടിച്ച വിവരം അറിയിച്ചിട്ട് എത്ര സമയം കഴിഞ്ഞാണ് പോലീസ് കോളേജിൽ എത്തിയത്;

(ഇ) ഇതു സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ടോ; എങ്കിൽ ആരുടെ എല്ലാം പേരിൽ;

(എഫ്) പ്രതികളെ അറസ്റ്റ് ചെയ്തുവോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ 2.11.1999-ന് രാത്രി ആരോ അതിക്രമിച്ചുകയറി പൊളിച്ചു നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) വിവരം ഫോൺ ചെയ്ത് അറിയിച്ചിരുന്നില്ല. 3.11.99-ന് 11.30 മണിക്ക് പരാതി ലഭിച്ചിട്ടുള്ളതും പോലീസ് 11.45-ന് കോളേജിൽ എത്തി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(സി) നിർമ്മലഗിരി കോളേജിന് ആവശ്യമായ കാവലും പരിരക്ഷയും നൽകിയിരുന്നു.

(ഡി) 3.11.1999-ന് 11.30-ന് പരാതി ലഭിക്കുകയും 11.45-ന് പോലീസ് കോളേജിൽ എത്തി അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ)&(എഫ്) ഈ സംഭവത്തിൽ കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 427, 447 സെക്ഷനുകൾ പ്രകാരം ക്രൈം നമ്പർ 443/99 ആയി കേസ്സ് എടുത്തിട്ടുണ്ട്. കേസ്സന്വേഷണം നടന്നുവരികയാണ്.

നിർമ്മലഗിരി കോളേജിലെ സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം

(41) ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷിക്കുന്നത്;

(ബി) ഇക്കാര്യത്തിൽ സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയേയോ, റിട്ട. ഹൈക്കോടതി ജഡ്ജിയേയോ നിയോഗിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(സി) കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണ്;

(ഡി) ബന്ധപ്പെട്ട കക്ഷികളെല്ലാം കമ്മിഷനുമായി സഹകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. റിട്ടയേഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദ്.

(ബി) ഈ വിഷയത്തിൽ ഇപ്പോൾ നിയമിക്കപ്പെട്ട കമ്മിഷൻ പര്യാപ്തമാണ്.

(സി) 1. കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പലിന് നേരെയുണ്ടായതായി ആരോപിക്കപ്പെട്ട ബലപ്രയോഗം.

2. നിർമ്മലഗിരി കോളേജിലെ ഒരു വിദ്യാർത്ഥിയായ ശ്രീ. അജിത്തിൻമേൽ നടന്നതായാരോപിക്കപ്പെട്ട റാഗിംഗ്.

3. നിർമ്മലഗിരി കോളേജിന്റെ വസ്തുവകകൾ നശിപ്പിച്ചതായുള്ള ആരോപണം.

4. അനുബന്ധ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ട മറ്റെല്ലാ സംഭവങ്ങളും.

883/2010.

LIBRARY ARCHIVES Kerala Legislative Assembly